LIBRARY ARCHIVES Kerala Legislative Assembly

ബ്ലോക്കുകൾ ഏറ്റെടുത്തിട്ടുള്ള റോഡ് പണികൾ

131 [337] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി (കോഴിക്കോട് ജില്ല) എൻ.ഇ.എസ്. ബ്ലോക്കിൽ ആർ.എൽ.ഇ.ജി.പി. സ്കീമിൽ ഏതെല്ലാം പ്രവൃത്തികളാണ് കഴിഞ്ഞ വർഷം ഏറ്റെടുത്തു നടത്തിയത്;

(ബി) നാഗാളികാവ്—നടമ്മൻപൊയിൽ—പുത്തൂർ റോഡിന്റെ നിർമ്മാണത്തിൽ നടന്ന ക്രമക്കേടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ടിൽ എന്താണ് പറഞ്ഞിട്ടുള്ളത്;

(ഡി) കുന്നമംഗലം ബ്ലോക്കിൽ, നെല്ലിപ്പൊയിൽ—പാത്തിപ്പാറ റോഡിന്റെ നിർമ്മാണത്തെ സംബന്ധിച്ച് ആക്ഷേപം ഉണ്ടായിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) മലപ്പുറം—തെയ്യപ്പാറ റോഡ്, ചെമ്പങ്കുന്നു—നെട്ടിതാഴ റോഡ്, നരിക്കുന്ന്—മടവൂർമുക്ക് റോഡ്, നാഗാളിക്കാവ്—കൊളത്തറ റോഡ്, നൻമിൻഡാ—ഇയ്യാട് റോഡ് എന്നിവയുടെ പണിയും ഹരിജനങ്ങൾക്കുവേണ്ടി 33 വീടുകളുടെ പണിയും ഏറ്റെടുത്തു നടത്തിയിരുന്നു.

(ബി, സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഉണ്ട്.

(ഇ) അന്വേഷണ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുവാനും ഗിരിവർഗ്ഗക്കാർക്ക് ഉപയോഗയോഗ്യമാക്കുംവിധം പണികൾ ചെയ്തശേഷം വിവരം അറിയിക്കാനും കളക്ടറോട് നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീകൃഷ്ണപുരം വികസന ബ്ലോക്ക്

132 [338] ശ്രീ. ഇ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യ വികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ശ്രീകൃഷ്ണപുരം വികസന ബ്ലോക്കിനു സ്ഥിരമായ ആസ്ഥാനം പണിയുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സാമ്പത്തിക വർഷം അത് പ്രായോഗികമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതിനാവശ്യമായ പണം ലഭിക്കുന്നതനുസരിച്ച് പണി നടത്തുന്നതാണ്.